# MALAYALEE PATHRAM

# CLASSIFIEDS

മലയാളിപത്രം ക്ലാസിഫൈഡ്സിൽ മിതമായ നിരക്കിൽ പരസ്യം നൽകുവാൻ വിളിക്കൂ....

Thomas Kuruvila
0421 519 883
Murali Menon
0409 687 400
Sujeev Varghese
0401 875 806
Abin Abraham
0481 170 988

































## Matrimony

മലയാളീപത്രം മാട്രിമോണിയിൽ പരസ്യം ചെയ്യുവാൻ ബന്ധപ്പെടുക...



Contact: 0421 519 883, 0401 875 8060481




ജോൺസൺ മാമലശ്ശേരി

# കരയുന്ന മാലാഖമാരെ ദയവായി കാത്തിരിക്കൂ ഞങ്ങൾ നായകന്റെ (സോറി, വില്ലന്റെ) പിന്നാലെയാണ്



മാലാഖമാരുടെ കരച്ചിൽ കേൾക്കാൻ പോലുമാകാതെ പലവിധ നാട്ടുവർത്തമാനങ്ങൾ കൊണ്ട് ശബ്ദമുഖരിതമാണിന്ന് കേരളം. വിദേശരാജ്യങ്ങളിൽ എല്ലാം ഗസ്റ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുമ്പോൾ കേരളത്തിൽ നിത്യചിലവിനുള്ള കാശുചോദിച്ചാണ് ഈ ആതുരസേവകർ തെരവിലിറങ്ങേണ്ടി വന്നത്.

സഭയും സമുദാങ്ങളും പ്രമാണിമാരും നടത്തുന്ന ആശുപത്രികളിൽ എല്ലുമുറിയെ പണിയെടുക്കുന്ന പാവം നേഴ്സുമാർ ചെയ്യുന്ന ജോലിക്ക് പ്രതിഫലം ആവശ്യപ്പെട്ടപ്പോൾ അവർ കണ്ണിലെ കരടായി. സമരക്കാർക്കെതിരെ പ്രകടനം നടത്താൻ ആശുപത്രി മുതലാളിമാർ തെരുവിലിറങ്ങുന്നതും നാട്ടുകാർ അവരെ കൂവി ഓടിക്കുന്നതും സമീപകാല നാട്ടുകാഴ്ച. ഇങ്ങനെയൊക്കെ ഒരു വഴിക്കു നടക്കുന്നുണ്ടെങ്കിലും അതൊന്നും കാണാനും കേൾക്കാനും സമയമില്ലാതെ മറ്റു പലതിന്റെയും പിന്നാലെ ഓടുകയാണ് കേരളം.

ഒരു നടിയെ പീഡിപ്പിച്ചതിന്റെ പുകിലടങ്ങാൻ ഇനിയും കാലമെത്ര എടുക്കുമെന്ന് കണ്ടുതന്നെ അറിയണം. പ്രമുഖ നടനെ കുരിശിലേറ്റാൻ ഒരു കൂട്ടരും രക്ഷിച്ചെടുക്കാൻ മറ്റൊരു കൂട്ടരും മത്സരിച്ചിറങ്ങിയപ്പോൾ നെല്ലും പതിരും തിരിച്ചറിയാനാകാതെ നട്ടം തിരിയുകയാണ് പാവം ജനങ്ങൾക്ക് വില്ലൻ ആരെന്നറിയാൻ ക്ലൈമാക്സ് വരെ കാത്തിരിക്കേണ്ടിവന്നു. നായകനാണ് വില്ലൻ എന്ന് അങ്ങാടിയിൽ പാട്ടായിരുന്നപ്പോഴും മൗനം പാലിച്ച പോലീസ് സിനിമയിലെപോലെ ആകാംഷ നിലനിർത്തിയാണ്



ക്ലൈമാക്സിൽ എത്തിച്ചത് മാസങ്ങളായി ഇതിന്റെ വാർത്തകള് ആഘോഷമാക്കിയ മാധ്യമങ്ങൾക്ക് ഇപ്പോൾ ചാകരയും ആയി. വെൽക്കം ടു സെൻട്രൽ ജയിൽ എന്ന സിനിമ അറം പറ്റിയ നായകൻ ഇനി ജയിൽ വാർത്തകളിലും ഇടം പിടിക്കുന്നത് കാത്തിരിക്കാം. ജയിലിൽ ഗോതമ്പുണ്ട മാറി ചപ്പാത്തി വന്നതുപോലെ ഇനി രുചികരമായ പുട്ടും പ്രതീക്ഷിക്കാം. എന്തായാലും സിനിമ ഷൂട്ടിംഗ് നടന്നപ്പോൾ ജയിൽ കാര്യങ്ങൾ ഒക്കെ പഠിച്ചുവച്ചത് ഇപ്പോൾ ഗുണകരമായിതീരുമെന്നുറപ്പ്. സിനിമയിലെ രഞ്ജിപണിക്കരെ പോലെ ഒരു ഓഫീസർ അവിടെ ഉണ്ടെങ്കിൽ സംഗതി കുശാൽ.

അണ്ടിയാണോ മാവാണോ മൂത്തത് എന്ന തർക്കത്തിൽ അത് ഡിജിപി ആണെന്ന് പരമോന്നത കോടതി പറഞ്ഞതോടെ അതെപ്പറ്റി ചർച്ചചെയ്തിട്ട് കാര്യമില്ലെന്നായി. പോരാടി നേടിയ കസേര വിട്ടിറങ്ങുന്നതോടെ ആ ശല്യം തീരുമെന്ന് പ്രതീക്ഷിച്ചിരുന്ന സന്ധ്യ, തച്ചങ്കരി, ബെഹ്രാദികൾക്ക് ദിവസവും ചൂരൽ കഷായം നൽകിയാണ് സെൻകുമാരൻ വാർത്തകളിൽ ഇടം നേടിയത്. ഏറെ നാൾ അതിനും സ്കോപില്ലെന്നുകണ്ടിട്ടാകാം സംഘി വേഷം അണിഞ്ഞ് കളത്തിലിറങ്ങാൻ അദ്ദേഹം തീരുമാനിച്ചത്. ഒരു പ്രത്യേക വിഭാഗത്തിന്റെ സന്താനോത്പാദനോന്മുഖമായ പ്രവർത്തനങ്ങളിൽ കയറിപ്പിടിച്ച അദ്ദേഹം സ്വപ്നം കണ്ടിരിക്കുന്നത് എന്താണെന്ന് കണ്ടറിയണം. പോലീസ് വേഷം കെട്ടി ഷിറ്റ് പറഞ്ഞയാൾക്ക് അവിടെയൊരു ബെർത്ത് കിട്ടിയെങ്കിൽ ഒറിജിനൽ പോലീസ് ആയി ഷിറ്റ് പറഞ്ഞാൽ എന്തെങ്കിലും കിട്ടാതിരിക്കുമോ? ആ ആർക്കറിയാം എവിടുന്നാണ് ഭാഗ്യം വരുന്നതെന്ന്.

എല്ലാം ശരിയാക്കാൻ ഇറങ്ങിയവർ ശ്രീരാമന് പണികൊടുത്തു മൂലക്കിരുത്തിയത് വകുപ്പ് മന്ത്രി അറിയാതെയാണെന്ന് ദോഷൈകദൃക്കുകൾ പറയുന്നുണ്ടെങ്കിലും അതിൽ ഒരു സത്യവും ഇല്ലെന്നാണ് ചന്ദ്രശേഖര മന്ത്രിയുടെ മറുപടി. എല്ലാ ചട്ടപ്പടി തന്നെയെന്ന് അദ്ദേഹം ഉറപ്പിച്ച് പറയുന്നു. ഇതിനിടെ പേരിൽ രണ്ട് രാമൻ ഉള്ളതുകൊണ്ട് അദ്ദേഹത്തെ ഏറ്റെടുത്തുകളയാമെന്ന് രാജേട്ടൻ തീരുമാനിക്കുമോ എന്തോ? മാർക്കിസ്റ്റുകാരനായിട്ടും പേരിൽ ശ്രീരാമനും കൃഷ്ണനും ഉണ്ടെന്ന ഒറ്റക്കാരണത്താൽ സ്പീക്കർ തിരഞ്ഞെടുപ്പിൽ മുൻപിൽ നോക്കാതെ വോട്ടുചെയ്ത നിഷ്കളങ്കൻ ആണേ ഈ രാജേട്ടൻ. എല്ലാരും തള്ളിക്കളഞ്ഞ ഐഎഎസ് സ്വാമിയെ ശരിയാക്കലിന്റെ ഭാഗമായി സ്വന്തം വകുപ്പിൽ എടുത്തുവച്ച സുനിൽ കുമാർ മന്ത്രിയാകട്ടെ വേലിയിൽ ഇരുന്ന പാമ്പിനെ എങ്ങാണ്ട് എടുത്തുവച്ചു എന്ന അവസ്ഥയിൽ ആയി.

ലോക ബാങ്കീന്ന് വന്ന ആപ്പീസറുടെ നിറം കറുത്തുപോയതാണ് ഒരാൾക്ക് പുടിക്കാതെ പോയത്. നമ്മൾ ഈ വെളുത്ത സുന്ദരക്കുട്ടപ്പന്മാരുടെ ഇടയിലേക്ക് വിടുമ്പോൾ ഈ ആഫ്രിക്കക്കാരൻ അല്ലാതെ ഒരു സായിപ്പിനെ കിട്ടിയില്ലേ ലോകബാങ്ക് ഗഡികൾക്ക്. അല്ല കവാത്ത് മറക്കണമെങ്കിൽ സായിപ്പിനെ കാണണം എന്നാണല്ലോ ചട്ടം. അതൊന്ന് ശരിയാക്കാൻ വായിൽ ചൊവച്ചു രണ്ട് വർത്തമാനം പറഞ്ഞപ്പോഴേക്കും ദേ പുലിവാലായി. ഇനിയിപ്പോൾ ലോക ബാങ്ക് വായ്പ ഒന്നും തരില്ല എന്ന് പറഞ്ഞ് കണ്ണുരുട്ടിയാൽ പേടിക്കുന്ന ആളോന്നും അല്ല നമ്മുടെ മന്ത്രി എന്ന് ഓർത്താൽ ലോക ബാങ്കിന് കൊള്ളാം.

ജിഎസ്ടി കയറിപ്പിടിച്ച് വ്യാപാരികൾ നട്ടം തിരിയുമ്പോൾ ഇത് ആട്ടിൻകാഷ്ട്ടമോ കൂർക്കക്കിഴങ്ങോ എന്നറിയാതെ നാട്ടുകാർ മിഴിച്ചിരിക്കുന്നു. മന്ത്രി പറഞ്ഞാലും തന്ത്രി പറഞ്ഞാലും കോഴി കിട്ടണമെങ്കിൽ ചൊള എണ്ണിക്കൊടുക്കണം എന്നുമാത്രം അവർക്കിപ്പോൾ ഉറപ്പായി. ജിഎസ്ടി വന്നാൽ വില കുറയുമോ കൂടുമോ എന്നൊന്നും അറിയാതെ, എല്ലാ തലവിധി പോലെ എന്ന് കരുതിയിരിക്കുകയാണ് സാദാ ജനം.




# ഗ്രാന്മ പ്രവർത്തനം ആരംഭിച്ചു

**മെൽബൺ:** ഓസ്ട്രേലിയായിൽ കുടിയേറിയിട്ടുള്ളവരും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വന്നിട്ടുള്ളവരും പുരോഗമന ചിന്താഗതിക്കാരുമായ പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ കേരള പ്രവാസി സംഘത്തിന്റെ







അംഗീകാരത്തോടെ ഗ്രാൻഡ് ഓസ്ട്രേലിയൻ നാഷണൽ മലയാളി അസോസിയേഷൻ എന്ന പേരിൽ സംഘടന രൂപീകരിച്ചു.

സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ പ്രവർത്തനങ്ങളോടൊപ്പം ഇടതുപക്ഷ പ്രസ്ഥാനങ്ങളുമായിട്ട് ബന്ധം നിലനിർത്തികൊണ്ട് ഓസ്ട്രേലിയായിൽ ചിതറിക്കിടക്കുന്ന ഇടതുപക്ഷ പുരോഗമന ചിന്താഗതിക്കാരായ മുഴുവൻ മലയാളികളെയും ഏകീകരിക്കുകയും വർഗീയ തീവ്രവാദ ഫാസിസ്റ്റ് പ്രതിലോമശക്തികളെ നേരിടുക, ഒരു നൂതന സംഘടനാ സംസ്കാരം വളർത്തിയെടുക്കുക, മനുഷ്യജീവിതത്തെ ബാധിക്കുന്ന ആനുകാലിക സംഭവവികാസങ്ങളെ ആസ്പദമാക്കി ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക, ഒപ്പം മലയാളി സമൂഹത്തിന് പ്രയോജനപ്രദമായ ഹൃസ്വകാല ദീർഘകാല പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു സ്ഥിരം വേദിയായി നിലകൊള്ളുക തുടങ്ങിയവയാണ് സംഘടനയുടെ ലക്ഷ്യം.

ഇടതുപക്ഷ പ്രവാസി സംഘടനകളുടെ ചുമതലക്കാരനായ പോളിറ്റ് ബ്യൂറോ അംഗം എം.എ.ബേബിയാണ് സംഘടനയുടെ മാർഗദർശി.

പുതിയ ഭാരവാഹികളായി പ്രമോദ് ലാൽ (പ്രസിഡന്റ്), ബാബു മണലേൽ, അനൂപ് അലക്സ് (വൈസ് പ്രസിഡന്റുമാർ), അമേഷ് കുമാർ (സെക്രട്ടറി), അരുൺ രാജ്, സുനിൽ, മുഹമ്മദ് (ജോയിന്റ് സെക്രട്ടറിമാർ), അജീഷ് ജോസ് (ട്രഷറർ), ബിജു ചെരിയംകാലായിൽ, ഇ.പി.ഷംജു (ഓഡിറ്റർമാർ) എന്നിവരേയും കമ്മിറ്റി അംഗങ്ങളായി ഡോ. ബിജു മാത്യു, വിൻസ് മാത്യു, അനീഷ് ജോസഫ്, സാജു മോളോത്ത്, റോയി തോമസ്, സനൽ, എബ്രാഹം ജോൺ, ജോസ് ജോസഫ്, ബിന്ദു പ്രമോദ്, ലിസി വർഗീസ്, പ്രിയങ്ക അരുൺ എന്നിവരേയും തെരഞ്ഞെടുത്തു.

# ബിനോയി ജോർജ് ഒഐസിസി ഓസ്ട്രേലിയ കൺവീനർ

**മെൽബൺ:** ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ഓസ്ട്രേലിയ കൺവീനറായി ഹൈനസ് ബിനോയിയെ കെപിസിസി നോമിനേറ്റ് ചെയ്തു. ഈ വർഷാവസാനം ഓസ്ട്രേലിയ സന്ദർശിക്കുന്ന കെപിസിസി ഭാരവാഹികളായ എൻ.സുബ്രമണ്യനും



മാന്നാർ അബ്ദുൾ ലത്തീഫും പുതിയ കമ്മറ്റിയെ പൂർണ്ണമായും പ്രഖ്യാപിക്കുകയും ചെയ്യും. ഇതോടെ നാളിതുവരെ ഉണ്ടായിരുന്ന അഡ്ഹോക്ക് കമ്മറ്റി പിരിച്ചുവിട്ടതായും കെപിസിസി അറിയിച്ചു. ഒഐസിസിയുടെ അടുത്ത് നടക്കാനിരിക്കുന്ന ഭാവി പരിപാടികൾ ഉടൻ തീരുമാനിക്കുമെന്നും എല്ലാ പ്രവർത്തകരെയും പഴയകാല നേതാക്കളെയും ഒരുമിച്ചു ചേർത്തുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് ബിനോയി അറിയിച്ചു.

ജനദ്രോഹനടപടിയുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നടപടികൾക്കെതിരെ ശക്തമായ ജനകീയ സമരങ്ങൾ സംഘടിപ്പിക്കുന്ന കെപിസിസിക്ക് പരിപൂർണ പിന്തുണ നൽകുമെന്നും ബിനോയി അറിയിച്ചു. മെൽബണിൽ സ്ഥിരതാമസമാക്കിയ ബിനോയി തൊടുപുഴ സ്വദേശിയാണ്. കെ.എസ്.യുവിലൂടെ പൊതുപ്രവർത്തനം തുടങ്ങി കോൺഗ്രസിന്റെ തൊടുപുഴ ബ്ലോക്ക് ജനറൽ സെക്രട്ടറിയായിരുന്ന സമയത്താണ് ഓസ്ട്രേലിയായിൽ കുടിയേറിയത്.

# ഫാ. അജി മാത്യു എപ്പിംഗ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി.

**സഖറിയ**

**സിഡ്നി:** മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിലുള്ള സിഡ്നി എപ്പിംഗ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയാി ഫാ. അജി



മാത്യു ചുമതലയേറ്റു.

ഓസ്ട്രേലിയ - ന്യൂസിലാൻഡ് ഭദ്രാസനത്തിന്റെ ചുമതലയുള്ള ചെന്നൈ ഭദ്രാസനാധിപൻ ഡോ. യൂഹാന്നോൻ മാർ ദിയസ് കോറസ് മെത്രാപ്പോലീത്തയാണ് ഫാ. അജിയെ വികാരിയായി നിയമിച്ചത്. കൊല്ലം ശൂരനാട് സ്വദേശിയാണ് ഫാ. അജി മാത്യു.


PEC PROFESSIONAL EDUCATIONAL CONSULTANCY

Nurses to Australia

3 MONTHS BRIDGING PROGRAM FOR NURSES



Assistance for AHPRA Application

Accommodation & Transportation provided

No Service Charges

Please Contact :
Reji Jacob 0433 937 280

Seats Available Now

India
1st floor, Pulickal Trade Centre
Near Nagampadam Bridge
M C Road, Nagampadam
Kottayam, Kerala, India
Ph: 0481 2560220, 2560 221, 9744675526
Info@pecgroup.in/www.pecgroup.in

Melbourne
PNSA Group Pty Ltd.
15 Elonera Ave
Yallambie, VIC - 3085
Australia
Ph: 0433 937 280
info@pnsagroup.com.au


# നഴ്സുമാരുടെ സമരം അടിയന്തിരമായി പരിഹരിക്കണമെന്ന് മെൽബൺ ഇടതുപക്ഷ മതേതര കൂട്ടായ്മ




**എബി പൊയ്ക്കാട്ടിൽ**

**മെൽബൺ:** കേരളത്തിലെ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർ നടത്തിവരുന്ന സമരം അടിയന്തിരമായി ഒത്തുതീർപ്പാക്കാൻ മുഖ്യ മന്ത്രി ഇടപെടണമെന്ന് മെൽബൺ ഇടതുപക്ഷ മതേ തര കൂട്ടായ്മയുടെ അടിയന്തിര എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഫാക്സ് അയയക്കാനും യോഗം തീരുമാനിച്ചു. നേഴ്സുമാർ അനിശ്ചിത കാല സമരത്തിലേക്ക് നീങ്ങുകയാണെങ്കിൽ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുവാനും, സമരത്തിന് ഐക്യ ദാർഢ്യം പ്രകടിപ്പിച്ചു മലയാളി നഴ്സുമാരുടെ വിപുലമായ യോഗം വിളിച്ചു കൂട്ടാനും യോഗം തീരുമാനിച്ചു. യോഗത്തിൽ ഇടതുപക്ഷ മതേതര കൂട്ടായ്മയുടെ പ്രസിഡണ്ട് തിരുവല്ലം ഭാസി അദ്ധ്യക്ഷത വഹിച്ചു. പ്രതീഷ് മാർട്ടിൻ, ദിലീപ് രാജേന്ദ്രൻ, ലോകൻ രവി, അജിത ചിറയിൽ, സോജൻ തോമസ്, ബിനീഷ്, ചാൾസ്, ഗീതു, എലിസബത്ത് എന്നിവർ സംസാരിച്ചു.

ജോജോ മാത്യു കണ്ണമംഗലം



# ഭൂമിയിലെ മാലാഖമാരും ഭരണകൂടവും മാനേജ്മെന്റുകളും

സമരവും, സമരമുറകളും, നിരാഹാരവും, ലാത്തിച്ചാർജും, ബീഫ് നിരോധനവും, ബാർ തുറക്കലും, എല്ലാം കൂടികലർന്ന് സംഭവ ബഹുലമായ അന്തരീക്ഷത്തിലൂടെയാണ് കേരളം ഇന്ന് കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിൽ കേരളം ഒന്നാം സ്ഥാനത്താണ് എന്നു നാം അഭിമാനിക്കുന്നു. നൂറ് ശതമാനം സാക്ഷരത നേടിയ ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം എന്ന് പറഞ്ഞ് അഹങ്കരിക്കുമ്പോഴും നമ്മുടെ നാടിന്റെ മറ്റൊരു മുഖം നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. ജി.എസ്.ടിയിലൂടെ തുല്യ നികുതി പ്രാബല്യത്തിൽ വന്നു, പക്ഷേ തുല്യനീതി എന്നത് നമ്മുടെ നാട്ടിൽ ഉണ്ടോ. തുല്യ വേലക്ക് തുല്യ വേതനം നൽകാൻ സാക്ഷര കേരളത്തിന് കഴിയുമോ. ഭൂമിയിലെ മാലാഖമാർ എന്ന് നഴ്സുമാരെ സാമുദായിക നേതാക്കന്മാരും, രാഷ്ട്രീയ നേതാക്കന്മാരുമെല്ലാം പാടി പുകഴ്ത്തുന്നുണ്ട്.

എന്നാൽ തുല്യജോലിക്ക് തുല്യവേതനം എന്ന സുപ്രീം കോടതി നിർദ്ദേശത്തിന് പോലും വില കല്പിക്കാത്ത ഭരണാധികാരികളും മാനേജ്മെന്റുകളും ഭരിച്ചു വാഴുന്ന നാടാണ് നമ്മുടെ കേരളം. അന്യസംസ്ഥാന തൊഴിലാളി കൂലിപ്പണിക്ക് വരുമ്പോൾ അവന് 800 രൂപ ദിവസകൂലി കൊടുക്കുന്ന നാട്ടിൽ മൂന്നര, നാല് വർഷത്തെ പഠനത്തിനും പരിശീലനത്തിനും ശേഷം പന്ത്രണ്ട് മണിക്കൂർ ക്രൂരമായി പണിയെടുപ്പിച്ചിട്ട് ഒരു നഴ്സിന് കൊടുക്കുന്ന വേതനം വെറും 300 രൂപ. എൽ.ഡി.എഫ് വന്നാൽ എല്ലാം ശരിയാക്കിത്തരാം എന്ന് പറഞ്ഞ് അധികാരത്തിൽ വന്നവർ ഇപ്പോൾ എവിടെ? ന്യായമായ അവകാശങ്ങൾക്ക് വേണ്ടി വാദിക്കുന്ന നേഴ്സിംഗ് സമൂഹത്തിന് വേണ്ടി വാദിക്കുവാൻ പൂഞ്ഞാർ എം.എൽ.എ ഒഴികെ ഒരു രാഷ്ട്രീയ പാർട്ടിയും രംഗത്ത് വന്നിട്ടില്ല എന്നതും ഏറെ ശ്രദ്ധേയമാണ്. നേഴ്സുമാരുടെ സമരത്തിന് പരിപൂർണ്ണ പിന്തുണയുമായി എത്തിയത് ശ്രീ. പി.സി. ജോർജ് മാത്രമാണ്. അദ്ദേഹത്തിന്റെ ധീരതക്കും, മനസാക്ഷിക്കും അഭിനന്ദനം. അതുപോലെ തന്നെ ശ്രീ. സന്തോഷ് പണ്ഡിറ്റിനോടും പറയാതിരിക്കാൻ കഴിയില്ല. നഴ്സുമാർ ആവശ്യപ്പെടുന്നത് ഔദാര്യമല്ല, ന്യായമായ അവരുടെ അവകാശം മാത്രമാണ്. അവർ ആവശ്യപ്പെടുന്നത് കുറഞ്ഞത് ഇരുപതിനായിരം രൂപ ശമ്പളം മാത്രമാണ്. ഈ ഇരുപതിനായിരം രൂപ ശമ്പളം ലഭിച്ചെങ്കിൽത്തന്നെ ഒരു കുടുംബത്തിന്റെ ദൈനംദിന ചിലവുകൾ നിർവഹിച്ച് മുൻപോട്ട് പോകാൻ അവർക്ക് കഴിയില്ല. നേഴ്സുമാരുടേത് ഒഴികെ മറ്റ് ഏതെങ്കിലും ഡിപ്പാർഡ്മെന്റോ, ട്രേഡ് യൂണിയനുകളോ പണിമുടക്കിയാൽ ചർച്ചക്കോ തീരുമാനങ്ങൾക്കോ ഇത്രയും കാലതാമസം നേരിടുമോ. കാരണം ജോലി ബഹിഷ്കരിച്ച് നേഴ്സുമാർ ഇന്നുവരെ സമരത്തിന് ഇറങ്ങയിട്ടില്ല എന്നതും ഏറെ ശ്രദ്ധേയമാണ്. ഇത് ഇവരുടെ മാന്യതയാണ് വിളിച്ചോതുന്നത്. ജൂലൈ 11 ന് മാത്രമാണ് സൂചനാ പണിമുടക്ക് അതിന് ശേഷം മാത്രമാണ് തുടർ നടപടികളും. ഈ സൂചനയും പണിമുടക്ക് ആഹ്വാനവും ഏറെ നാളുകൾക്ക് മുമ്പേ പ്രഖ്യാപിച്ചതുമാണ്. എന്നിട്ടും അധികാരികൾ എന്തേ കണ്ണ് തുറക്കാത്തത്. ഭരണം ഇല്ലാതിരിക്കുമ്പോൾ ഭരണം പിടിക്കാൻ എല്ലാവരും വാഗ്ദാന പെരുമഴ അയക്കും. എന്നാൽ ഭരണം ലഭിച്ചാൽ പറഞ്ഞതൊന്നും ഓർമ്മയില്ല. ഇന്ന് കേരളം ഭരിക്കേണ്ടത് ആര് എന്ന് തീരുമാനിക്കാൻ കേരളത്തിലെ നേഴ്സുമാരുടെ കുടുംബത്തിന് കഴിയും, കാരണം ശരാശരി മൂന്നിൽ ഒരു കുടുംബത്തിൽ ഒരു നഴ്സ് ഉണ്ട്. നിങ്ങളെ സഹായിക്കുന്നവർ ആരാണോ, അവരെ പാരമ്പര്യ രാഷ്ട്രീയം മറന്ന് നിങ്ങളും സഹായിക്കണം. ഒരു ഡോക്ടർ ഒരു സർജറി ചെയ്താൽ സർജറിക്കുള്ള സെറ്റ്അപ്പ് മുതൽ സർജറി കഴിഞ്ഞ് ഡിസ്ചാർജ് ചെയ്യുന്നതുവരെ അവരെ ശുശ്രൂഷിക്കുന്നത് ഒരു നേഴ്സാണ്. രാത്രിയിൽ രോഗിക്കു മുമ്പിൽ ഭക്ഷണവും, പ്രാഥമിക ആവശ്യങ്ങൾക്ക് പോലും പോകാതെ കാവലിരിക്കുന്നത് നേഴ്സ് ആണ്. ഒരു നേഴ്സിന്റെ എങ്കിലും പരിചരണം ലഭിക്കാത്തവരായി നമ്മളിൽ ആരെങ്കിലും ഉണ്ടോ. ഇവരെയാണ് സ്വകാര്യ മാനേജ്മെന്റുകൾ കുത്തിപ്പിഴിയുന്നത്. എന്നിട്ട് ജനങ്ങളെ ഇവർക്ക് ശത്രുക്കളാക്കുവാൻ ശമ്പളം കൂട്ടിയാൽ ആ ബുദ്ധിമുട്ട് ജനങ്ങൾക്ക് ഭാരമായി വരും എന്ന് വരുത്തിത്തീർക്കുന്ന രാഷ്ട്രീയ തന്ത്രവും പ്രയോഗിക്കുന്നു. രോഗികളുടെ മേൽ കൂടുതൽ ബിൽ അടിച്ചേൽപ്പിക്കേണ്ട, ഉണ്ടാക്കുന്ന കൊള്ള ലാഭത്തിൽ നിന്ന് ഒരംശം നീക്കിവച്ചാൽ നേഴ്സ്മാർക്ക് അവർ ആവശ്യപ്പെടുന്ന മാന്യമായ ശമ്പളം നൽകാൻ മാനേജ്മെന്റുകൾക്ക് കഴിയും.

ഇന്ന് കേരളത്തിന്റെ സാമ്പത്തിക ഭദ്രത പിടിച്ച് നിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്ന നേഴ്സുമാർ. എന്നാൽ ഇവരിൽ എത്ര പേർ നമ്മുടെ കേരളത്തിൽ പഠിച്ചിട്ടുണ്ട് എന്നത് ഓർക്കുന്നതും നല്ലതാണ്. അധികവും കേരളത്തിന് പുറത്തുള്ള നേഴ്സിംഗ് സ്കൂളുകളുകളിൽ അവർ പഠിക്കുന്ന കാലത്തുള്ള കഷ്ടപ്പാടുകളും ചെറുതല്ല. തുല്യ ജോലിക്ക് തുല്യവേതനം ഇത് ഇവർക്ക് അവകാശപ്പെട്ടതാണ്. കേരളത്തെ ഒരു സമരത്തിലേക്ക് നയിക്കാതെ ദയ ഹോസ്പിറ്റലിന്റെ മാതൃക മറ്റ് ഹോസ്പിറ്റലുകളും സ്വീകരിച്ചാൽ എത്രയോ നന്നായിരുന്നു. കാരണം വേല ചെയ്യുന്നവൻ കൂലിക്ക് അർഹനാണ്. മാനേജ്മെന്റിനെ കാണുമ്പോൾ മുട്ട് വിറക്കുന്ന ഭരണാധികാരികൾ ഒന്ന് ഓർക്കുക നിങ്ങൾ ഇരിക്കുന്ന കസേരയുടെ വില. നേഴ്സുമാരുടെ സംഘടന പോലെ ശക്തമായ ഒരു സംഘടനയും കേരളത്തിൽ ഒരു ട്രേഡ് യൂണിയനിലും ഉണ്ടാവില്ല എന്നതും ശ്രദ്ധേയമാണ്. നേഴ്സുമാരുടെ സമരം ഒരിക്കലും അക്രമത്തിന്റേതല്ല, സമാധാനത്തിന്റേതാണ് എന്നു മാത്രം. ഒന്നിച്ച് നിൽക്കൂ ഒരുമിച്ച് പോരാടൂ. നാളത്തെ കേരളത്തിന്റെ ഭരണം ആരെന്ന് തീരുമാനിക്കുന്നത് നിങ്ങൾ ആവട്ടെ.

# മൂന്നു ദിവസത്തിനകം തട്ടിപ്പ് അറിയിച്ചാൽ പണം പോകില്ല

**മുംബൈ:** ഓൺലൈൻ, മൊബൈൽ ബാങ്കിംഗിലും എ.ടി.എം ഇടപാടിലും വരുന്ന തട്ടിപ്പുകളിൽ നിന്ന് ഉപയോക്താക്കൾക്കു രക്ഷ നൽകാൻ റിസർവ് ബാങ്കിന്റെ മാർഗരേഖ. ബാങ്കിന്റെ സുരക്ഷാ സംവിധാനങ്ങളുടെ കുറ്റമോ പോരായ്മയോ മൂലമോ മൂന്നാം കക്ഷികളുടെ ഇടപെടൽ മൂലമോ വരുന്ന നഷ്ടം അക്കൗണ്ട് ഉടമ വഹിക്കേണ്ടതില്ല.

പക്ഷേ, തട്ടിപ്പു നടന്ന് മൂന്നു പ്രവൃത്തി ദിവസത്തിനുള്ളിൽ ബാങ്കിനെ വിവരമറിയിച്ചിരിക്കണം. ഇടപാടിനെപ്പറ്റിയുള്ള എസ്.എം.എസ്/ഇമെയിൽ അലർട്ട് ലഭിക്കുന്നതു മുതലാണു മൂന്നു ദിവസം കണക്കാക്കുന്നത്. ബാങ്കിന്റെയോ മൂന്നാം കക്ഷികളുടെയോ പിഴവ് മൂലമുള്ള കാര്യങ്ങളിൽ ബാങ്കിനാണ് നഷ്ടബാധ്യത എന്നു പുതിയ മാർഗരേഖ പറയുന്നു.



എന്നാൽ, ഇടപാടുകാരുടെയാണ് ബാധ്യതയെങ്കിൽ അനധികൃത ഇടപാടിനെപ്പറ്റി ബാങ്കിൽ അറിയിക്കുന്നതുവരെ വരുന്ന നഷ്ടം ഇടപാടുകാർ വഹിക്കണം. അറിയിച്ചതിനുശേഷം വരുന്ന നഷ്ടത്തിന്റെ ബാധ്യത ബാങ്ക് ഏൽക്കണം.

ഓൺലൈൻ എ.ടി.എം തട്ടിപ്പുകൾ, അനധികൃത പണമിടപാടുകൾ, അബദ്ധങ്ങൾ എന്നിവ വഴിയുള്ള നഷ്ടങ്ങൾ സംബന്ധിച്ചാണു പുതിയ മാർഗ രേഖ. സംശയകരമായ ഇടപാടുകൾ ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ഇടപാടുകാരാണ്. തട്ടിപ്പാണോ എന്നു തെളിയിക്കേണ്ടതു ബാങ്കാണ്.

തട്ടിപ്പ് അറിയിക്കുന്നതു വൈകിയാൽ ഇടപാടുകാരുടെ ബാധ്യത കൂടും. എങ്കിലും അതിനു പരിധിവച്ചിട്ടുണ്ട്. 5000 രൂപ മുതൽ 25,000 രൂപ വരെയാണ് ഇത്. ഇടപാടുകാരുടെ അശ്രദ്ധ മൂലം നഷ്ടമുണ്ടായാലും റിപ്പോർട്ട് ചെയ്യുന്നതു വൈകിയാലുമുള്ള ബാധ്യതയാണിത്. ഇടപാടുകാർ ഐഡിയും പാസ്‌വേഡും മറ്റും മറ്റാൾക്കാർക്കു നൽകുന്നതു വഴിയും മറ്റുമുണ്ടാകുന്ന നഷ്ടങ്ങളാണ് ഇടപാടുകാരുടെ ഭാഗത്തുനിന്നുള്ള പിഴമൂലമുള്ളതായി കണക്കാക്കുന്നത്.

മൂന്നു ദിവസ പരിധി കടന്നുപോയിട്ട് ഏഴു പ്രവൃത്തിദിവസത്തിനുള്ളിൽ വിവരം ബാങ്കിനെ അറിയിച്ചാൽ ഇടപാടുകാർ വഹിക്കേണ്ട പരമാവധി ബാധ്യത ഇങ്ങനെ:

1. ബേസിക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (ജൻധനും, മറ്റും) 5000 രൂപ

2. സാധാരണ സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, പ്രീപെയ്ഡ് കാർഡുകൾ, ഗിഫ്റ്റ് കാർഡുകൾ, അഞ്ചു ലക്ഷം രൂപ വരെ പരിധിയുള്ള ക്രെഡിറ്റ് കാർഡുകൾ- 10,000 രൂപ

3. കറന്റ് അക്കൗണ്ട്, ഓവർഡ്രാഫ്റ്റ് അക്കൗണ്ട്, അഞ്ചു ലക്ഷം രൂപയിൽ കൂടിയ പരിധിയുള്ള ക്രെഡിറ്റ് കാർഡ് - 25000 രൂപ

ഓൺലൈൻ ബാങ്കിംഗ് ഇടപാടുകാരെ നിർബന്ധമായും എസ്.എം.എസ്, ഇമെയിൽ അലേർട്ട് സംവിധാനത്തിൽപ്പെടുത്താൻ ബാങ്കുകളെ റിസർവ് ബാങ്ക് ചുമതലപ്പെടുത്തി.

കൂടുതൽ ബാങ്ക് ഇടപാടുകൾ ഡിജിറ്റൽ ആയി വരുന്ന സാഹചര്യത്തിലാണ് അതിൽ വരാവുന്ന തട്ടിപ്പും അബദ്ധവും ഉപയോക്താക്കൾക്കു ബാധ്യതയായി വരാതിരിക്കാൻ മാർഗരേഖ പുറപ്പെടുവിപ്പിച്ചത്. ജൂണിൽ 113.73 ലക്ഷം കോടി രൂപയുടെ ബാങ്ക് ഇടപാടുകൾ ഡിജിറ്റൽ ആയിരുന്നു. മേയിൽ 111.11 ലക്ഷം കോടിയായിരുന്നു ഇത്

# പാലിന്റെ നിറമുള്ള അൽബിനോ പാമ്പ്

ഓസ്ട്രേലിയയിലെ ടെറിട്ടറി വന്യജീവി പാർക്കിലാണ് അപൂർവങ്ങളിൽ അപൂർവമായ ഒരു പാമ്പിനെ കണ്ടെത്തിയത്. സാധാരണയായി കടുത്ത തവിട്ട് നിറത്തിൽ കാണപ്പെടുന്ന സ്ലേറ്റി ഗ്രേ ഇനത്തിൽപ്പെട്ട പാമ്പിനെയാണ് പാല് പോലെ വെളുത്ത നിറത്തിൽ ഇവിടെ കണ്ടെത്തിയത്. ആൽബിനോ രോഗബാധയാണ് പാമ്പിന്റെ വെള്ള നിറത്തിനു പിന്നിലെന്ന് അധികൃതർ വ്യക്തമാക്കി. സാധാരണയായി ആൽബിനോ എന്ന ജനിതക രോഗം ബാധിക്കുന്ന ജീവികളുടെ കണ്ണുകൾ കടുത്ത പിങ്ക് നിറത്താണ് കാണപ്പെടാറുള്ളത്. എന്നാൽ ഈ പാമ്പിന്റെ കണ്ണ് തവിട്ട് നിറത്തിലാണ്. ഏതായാലും പാമ്പിന്റെ അപൂർവ്വ രൂപം കണക്കിലെടുത്ത് ഇതിന് പ്രത്യേക സംരക്ഷണം നൽകാനാണ് അധികൃതരുടെ തീരുമാനം.

ഒപ്പം പാമ്പിൽ നിന്ന് അലർജിയും മറ്റു രോഗങ്ങളും വേറെ ജീവികളിലേക്ക് പടരാതിരിക്കാനും ഇതിനെ പ്രത്യേകം സൂക്ഷിക്കുന്നത് ഉപകരിക്കുമെന്നാണ് അധികൃതരുടെ വാദം. വടക്കൻ ഓസ്ട്രേലിയയിലെ വനാതിർത്തിയിലാണ് ഈ പാമ്പിനെ കണ്ടെത്തിയത്. ഇതുവരെ കാണാത്ത ഇനം പാമ്പിനെ കണ്ടതോടെ പ്രദേശവാസികളാണ് വനം വകുപ്പിനെ വിവരമറിയിച്ചത്. തുടർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരെത്തി പാമ്പിനെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.



ആൽബിനോ രോഗം ബാധിച്ച മറ്റു പാമ്പുകളേക്കാൾ സ്ലേറ്റി ഗ്രേ ഇനത്തിൽപ്പെട്ട ഈ പാമ്പിനെ വ്യത്യസ്തനാക്കുന്നത് ശരീരത്തിന്റെ നിറം കൂടിയാണ്. ആൽബിനോ പാമ്പുകളുടെ ശരീരത്തിന്റെ നിറം ഇളം പിങ്കാണ്. എന്നാൽ ഈ പാമ്പിന്റെ ശരീരം പൂർണ്ണമായും തൂവെള്ള നിറത്തിലാണെന്നാണ് ഇതിന്റെ പ്രത്യേകത.

# നെഞ്ചുവേദന എല്ലാം ഹൃദയാഘാതമല്ല

മനുഷ്യനെ ഏറെ പേടിപ്പെടുത്തുന്ന വേദനകളിലൊന്നാണ് നെഞ്ചുവേദന. ശരീരത്തിന്റെ മധ്യഭാഗത്തായി എവിടെ വേദന അനുഭവപ്പെട്ടാലും അത് ഹൃദയാഘാതമാണോ എന്ന പേടിയുണ്ടാകുന്നത് സ്വാഭാവികവുമാണ്. എന്നാൽ വെറും നെഞ്ചുവേദനയെ അത്രമേൽ പേടിയോടെ സമീപിക്കേണ്ടതില്ല. വേദനകൾ പലതും ശരീരത്തിന് ദോഷകരമായ പ്രക്രിയ ആണെങ്കിലും എല്ലാ നെഞ്ചുവേദനയും ഹൃദായാഘാതമായി കരുതേണ്ടതില്ല. ഹൃദായാഘാതവും മറ്റു നെഞ്ചുവേദനകളും തമ്മിൽ വലിയ വ്യത്യാസങ്ങളില്ലെങ്കിലും രോഗികൾക്ക് ഒറ്റ നോട്ടത്തിൽ തിരിച്ചറിയാൻ സാധിക്കും.

**എന്താണ് ഹൃദയാഘാതം**

കൊളസ്ട്രോളും ചില കോശങ്ങളും അടിഞ്ഞുണ്ടാകുന്ന പ്ലാക്കുകൾക്ക് ക്ഷതം ഉണ്ടാകുമ്പോൾ അവിടെ രക്തം കട്ടപിടിക്കുകയും രക്തക്കുഴൽ പൂർണ്ണമായും അടഞ്ഞുപോവുകയും ചെയ്യുന്നു. ഇങ്ങനെ രക്തയോട്ടം പെട്ടന്ന് നിലച്ചുപോകുമ്പോൾ ഹൃദയകോശങ്ങൾ നശിക്കുകയും തന്മൂലം ദീർഘനേരം നെഞ്ചുവേദന അനുഭവപ്പെടുകയും ചെയ്യുന്നു. ഇതാണ് ഹൃദയാഘാതം. ഹൃദയാഘാതത്തിന്റെ വേദന മുപ്പതു മുതൽ 60 മിനിറ്റുവരെ ഒരു രോഗിക്ക് അനുഭവപ്പെടും. നെഞ്ചിൽ കലശലായ വേദന അനുഭവപ്പെടും. വലിയ ഭാരം കയറ്റി വച്ചപോലുള്ള വേദന ചിലപ്പോൾ ഒരു നീറ്റൽ ആയിരിക്കും. ഇത്തരം വേദന ശരീരത്തിന് മുകൾ ഭാഗത്തേക്കും പരന്നേക്കാം. ഇടതുകയ്യിലേക്കും തോളിലേക്കും മുതുകിലേക്കും വേദന വ്യാപിക്കും. ശരീരത്തിന് മുകളിൽ കഴുത്തിലേക്കും താടിയെല്ലിന്റെ ഭാഗത്ത് വരെ വേദന വ്യാപിക്കുന്നതും ഒരു പ്രധാന ലക്ഷണമാണ്. എന്നാൽ വയറിന് താഴേക്ക് വേദന അനുഭവപ്പെടില്ല. അതോടെ തന്നെ ശരീരം വല്ലാതെ വിയർക്കുകയും ചെയ്യും.

എന്നാൽ പ്രമേഹ രോഗികൾക്ക് വേദന ഇല്ലാതെ ചില അസ്വസ്ഥതകൾ മാത്രമാണ് ഉണ്ടാവുക. അതേ സമയം പ്രമേഹ രോഗികളുടെ ശരീരവും വിയർക്കുന്നത് സാധാരയാണ്. ഇത്തരം വേദനകൾ അനുഭവപ്പെട്ടാൽ ഉടനടി മറ്റൊരാളുടെ സഹായത്തോടെ ഡോക്ടറെ കാണണം.

**ഗ്യാസ്ട്രബിൾ**

ഗ്യാസ്ട്രബിൾ അല്ലെങ്കിൽ ദഹനക്കേട് എന്ന രോഗവും ഹൃദയാഘാതത്തോട് വളരെയേറെ സാമ്യമുള്ളവയാണ്. ഹൃദയാഘാതത്തിന്റെ വേദനയോട് സാമ്യമുണ്ടാവുമെങ്കിലും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് പരക്കാനുള്ള സാധ്യത നന്നേക്കുറവാണ്. നല്ല വേദന അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. എന്നാൽ ശരീരം വിയർക്കില്ല.

**ന്യുമോണിയ മൂലമുണ്ടാകുന്ന നെഞ്ചുവേദന**

ന്യുമോണിയ ബാധിച്ചവർക്കും നെഞ്ചവേദന അനുഭവപ്പെടാം. ന്യുമോണിയ മൂലമുണ്ടാകുന്ന വേദനയും ഹൃദയാഘാതവും തമ്മിൽ വലിയ അന്തരമുണ്ട്. ന്യുമോണിയ ബാധിച്ചവർക്ക് ചെസ്റ്റ് ഇൻഫക്ഷൻ കാരണമാണ് നെഞ്ച് വേദന അനുഭവപ്പെടുക. ഇത് പെട്ടന്ന് ഉണ്ടാവുന്ന വേദനയല്ല. ന്യുമോണിയ രോഗികൾക്ക് കലശലായ ചുമയും ശ്വാസമുട്ടലും ഉണ്ടാകും. സാമാന്യം കാഠിന്യമുള്ള വേദനയാണെങ്കിലും ഹൃദയാഘാതവുമായി താരതമ്യം ചെയ്യുമ്പോൾ വേദന കുറവായിരിക്കും മാത്രവുമല്ല ന്യുമോണിയ ലക്ഷണങ്ങൾ കൂടുന്നത് അനുസരിച്ച് തുടർച്ചയായുള്ള വേദനയായിരിക്കും അനുഭവപ്പെടുക. ഇത്തരം വേദനകൾ ശ്വാസമെടുക്കുമ്പോൾ അധികമാവാനുള്ള സാധ്യതയും ഏറെയാണ്.

**മസിലുവേദന**

മസിലുവേദനകൾ നെഞ്ചിൽ ഒരു പോയിന്റിൽ മാത്രമായി അനുഭവപ്പെടുന്നതാണിത്. ഇത്തരം വേദനയും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് പരക്കില്ല. പുകവലി, ഭക്ഷണക്രമം, കൊഴുപ്പിന്റെ അളവ് കൂടുതൽ തുടങ്ങിയ കാരണങ്ങളാൽ ഉണ്ടായേക്കാവുന്ന വേദനയാണ് മസിലുവേദന. വേദന അനുഭവപ്പെടുന്ന ശരീരഭാഗങ്ങൾക്ക് ചലനം ഉണ്ടാകുമ്പോൾ വേദന കൂടാൻ സാധ്യതയേറെയാണ്.

**വേദനയെ അവഗണിക്കരുത്**

നെഞ്ചുവേദന പലതാണെങ്കിലും അനുഭവപ്പെടുന്ന ഉടൻ വിദഗ്ധ പരിശോധന നടത്തണം. നെഞ്ചുവേദനയുടെ യഥാർത്ഥ കാരണം കണ്ടെത്തി ചികിത്സ നൽകാൻ വിദഗ്ധ പരിശോധന അത്യാവശ്യമാണ്. വേദന ഉണ്ടായാൽ ഉടൻ തന്നെ രോഗിയെ മറ്റൊരാളുടെ സഹായത്തോടെ ആശുപത്രിയിൽ എത്തിക്കണം. നെഞ്ചുവേദനയെ നിസ്സാരവത്കരിച്ച് സമയം പാഴാക്കിയാൽ ജീവൻ തന്നെ നഷ്ട്ടമായേക്കാം.







**ഹൃദയത്തിന് കഴിക്കാൻ**

ഇഷ്ട ഭക്ഷണം എന്ന കേൾക്കുമ്പോൾ തന്നെ നാവിൽ കൊതിയൂറും. എന്നാൽ ഹൃദ്രോഗികൾക്ക് പൊതുവെയുള്ള സംശയം തങ്ങൾക്കിനി സ്വാദുള്ള ഭക്ഷണങ്ങൾ കഴിക്കാൻ പറ്റില്ലേ? സ്വാദുള്ള എല്ലാ ഭക്ഷണങ്ങളും ഒഴിവാക്കണമോ? എന്നൊക്കയാണ്.

സ്വാദ് ഓരോരുത്തരിലും വ്യത്യാസപ്പെട്ടിരിക്കുന്നു. വറുത്തതും പൊരിച്ചതും അല്ലെങ്കിൽ ഫാസ്റ്റ് ഫുഡ് മാത്രമല്ല സ്വാദുള്ള ആഹാരം. നമ്മുടെ വീട്ടിലുള്ള ഇഞ്ചി, വെളുത്തുള്ളി, പുതിനയില, മല്ലിയില, ഉലുവ , ജീരകം എന്നിവ പാകത്തിന് ചേർത്ത് ആവശ്യമായ എണ്ണയിൽ വേവിച്ച് ഭക്ഷണത്തെ രുചികരമായി മാറ്റാം.

നമ്മുടെ ഭക്ഷണത്തിൽ ചീത്തകൊഴുപ്പ് കുറച്ച് പഞ്ചസാര നിയന്ത്രിച്ച്, ഉപ്പു കുറച്ച് നല്ല ഹൃദയരോഗ്യം ഉറപ്പുവരുത്തുക.

**ഭക്ഷണത്തിൽ ശ്രദ്ധിക്കാം**

നാരുകൾ കൂടുതൽ അടങ്ങിയ ഭക്ഷണം അതായത് നട്ട്സ്, ഫ്ളാക്സ്, സ്വീഡ്, കറുത്ത കസകസ, അവാകാഡോ, പച്ചക്കറികൾ പഴവർഗ്ഗങ്ങൾ എന്നിവ കൂടുതൽ ഉപയോഗിക്കുക. തവിടോടുകൂടിയ ധാന്യങ്ങളായ ഗോതമ്പ് പൂപ്പൊടി, മട്ട അരി എന്നിവ ഭക്ഷണത്തിന്റെ കൂടെ തന്നെ ഉൾപ്പെടുത്തുക.

ഗുണമുള്ള മാംസം നൽകുന്ന മീൻ, മുട്ട, വെള്ള മാംസം (കോഴി) എന്നിവ ഉപയോഗിക്കുക. കൊഴുപ്പ് മാറ്റിയ പാൽ, തൈര്, പീനട്ട്, എന്നിവ ഹൃദയത്തെ കാക്കുന്നു. മധുരം പതുക്കെ കുറച്ച് നമ്മുടെ നാവിലെ രസമുകുളങ്ങൾ അതിനോട് പൊരുത്തപ്പെടാൻ സമയം കൊടുക്കുക. അങ്ങനെ മധുരത്തോടുള്ള ഇഷ്ട്ടം പതുക്കെ മാറ്റിയെടുക്കാം.

പാക്കറ്റ് ഭക്ഷണം വേണ്ട

പാക്കറ്റ് ഭക്ഷണം കഴിവതും ഒഴിവാക്കുക. വീട്ടിലെ സാധാരണ ഭക്ഷണം രുചിയോടെ കഴിക്കുക. സോഡ, കോള എന്നിവയ്ക്ക് പകരം ശുദ്ധ ജലം, നാരങ്ങ വെള്ളം, സംഭാരം, മധുരമില്ലാത്ത പഴച്ചാറുകൾ എന്നിവ ഉപയോഗിക്കുക. മുതിർന്ന ഒരു വ്യക്തിക്ക് ഒരു ദിവസം 50 ഗ്രാം ഉപ്പ് മതി. ടിന്നിലെ ഭക്ഷണങ്ങൾ കഴിവതും ഒഴിവാക്കുക. നാര് നമ്മുടെ ആമാശയത്തിൽ കൂടുതൽ സമയം തങ്ങി കൊഴുപ്പ് അവിടെ നിന്ന് മാറ്റുന്നു. അങ്ങനെ ഊർജ്ജം ലഭിക്കുന്നതോടൊപ്പം കൊഴുപ്പ് ആഗീകരണം ചെയ്യാതെ തടയുന്നു. ഹൃദയാരോഗ്യത്തിന് ഉതകുന്ന പാചകരീതികളായ ബേക്കിംഗ്, പോച്ചിംഗ്, കടുക് പൊട്ടിക്കുക, വഴറ്റുക എന്നിവ ശീലമാക്കുക.

**പൊട്ടറ്റോ ചിപ്സ് വേണ്ട**

ഒമേഗ ത്രീ, ഫാറ്റി ആസിഡുകൾ ധാരാളം അടങ്ങിയ ഐല, ചാള, കോര, ചൂര എന്നീ മീനുകൾ കൂടുതൽ ഉപയോഗിക്കുക. 2000 കലോറി ഊർജ്ജം ആവശ്യമുള്ളയാൾക്ക് 20ഗ്രാം പൂരിത കൊഴുപ്പ് ഒരു ദിവസം മതി. മോണോ സാച്ചുറേഡ് കൊഴുപ്പ് അതായത് ബദാം, കശുവണ്ടി, കപ്പലണ്ടി, അവഗാഡോ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. പൊട്ടറ്റോ ചിപ്പ്സ്, ഉപ്പേരി എന്നിവയ്ക്ക് പകരം സാലഡ്, നട്ട്സ് എന്നിവ ഉപയോഗിക്കുക.

**ട്രാൻസ്ഫാറ്റ് കുറയ്ക്കാം**

ട്രാൻസ്ഫാറ്റിന്റെ ഉപയോഗം കുറയ്ക്കുക. ബേക്കറി കുക്കീസ്, കേക്ക് മിക്സുകൾ, പിസാ, വെള്ള റൊട്ടി, ഹാംബർഗർ, നെയ്യ്, ഡാൾഡ വനസ്പതി എന്നിവ ചേർത്ത വിഭവങ്ങൾ മിതപ്പെടുത്തണം. ഹൈഡ്രോജനേറ്റഡ് കൊഴുപ്പ് എന്നു പേരുള്ളവയിൽ ഉൾപ്പെടുത്തിയ ഭക്ഷണങ്ങൾ ചിലപ്പോൾ ലേബലിൽ ട്രാൻസ്ഫാറ്റ് ഇല്ല എന്നെഴുതിക്കാണും. എങ്കിലും നിയന്ത്രിച്ച് മാത്രം ഉപയോഗിക്കുക. പാക്കറ്റിൽ വരുന്ന സോസേജ്, സലാമി, ബേക്കൺ വറുത്ത കോഴി എന്നിവ കുറയ്ക്കുക.

**പഴങ്ങളും പച്ചക്കറികളും കഴിക്കുക**

ചെടികളിൽ നിന്ന് ലഭിക്കുന്ന രാസവസ്തുക്കൾ ആണ് ഫൈറ്റോകെമിക്കൽസ് ഇത് ഹൃദയാരോഗ്യത്തെ സഹായിക്കും. പ്ലാറ്റിസ്റ്റിറോയിഡ്, ഫ്ളാനോയ്ഡ്സ് സൾഫർ ചേർന്ന നാരുകൾ എന്നിവ ഫൈറ്റോകെമിക്കൽസിന് ഉദാഹരണമാണ്. ഇവ പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലുമുണ്ട്. കാപ്പിയുടെ ഉപയോഗം കുറയ്ക്കുക. കാപ്പിയിലുള്ള കസിസ്റ്റാൾ എന്ന പദാർത്ഥം പ്ലാസ്മ കൊളസ്ട്രോൾ കൂട്ടുന്നു. പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കാണപ്പെടുന്ന പ്ലാവനോയിഡിൽ ചിലത് കൊളസ്ട്രോൾ കുറയ്ക്കുന്നു എന്നാൽ ചിലത് വിഷവുമാണ്. അത് അലർജി, വയറിന് അസ്വസ്ഥത എന്നിവ ഉണ്ടാക്കുന്നു. രുചിയോടൊപ്പം ഹൃദയാരോഗ്യത്തിന് ഉതകുന്ന ഭക്ഷണക്രമവും രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ, തൂക്കം എന്നിവയുടെ നിയന്ത്രണവും നല്ല ആരോഗ്യത്തോടെയിരിക്കാൻ സഹായിക്കും.

# ഇന്ത്യക്കാർക്ക് നേട്ടം ഓസ്ട്രേലിയൻ വിസ ഓൺലൈനിൽ ലഭിക്കും.

**മെൽബൺ:** ഓസ്ട്രേലിയൻ വിസിറ്റിംഗ് വിസ നടപടിക്രമങ്ങളിൽ ഇന്ത്യക്കാർക്ക് അനുകൂലമായി മാറ്റം വരുത്തുന്നു. ഇന്ത്യക്കാർക്ക് ഇനിമുതൽ ഓസ്ട്രേലിയൻ വിസിറ്റ് വിസ ഓൺലൈനിൽ ലഭ്യമാകും. അടുത്ത മാസം ജൂലൈ ഒന്നുമുതലാണ് പുതിയ നയം പ്രാബല്യത്തിലാകുന്നത്.

ഇന്ത്യയിൽ നിന്ന് ഓസ്ട്രേലിയൻ സന്ദർശക വിസയ്ക്ക് ആവശ്യം വർദ്ധിച്ചത് കണക്കിലെടുത്താണ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇമിഗ്രേഷൻ ബോർഡർ പ്രൊട്ടക്ഷൻ പുതിയ തീരുമാനം. ഈ വർഷം ആദ്യത്തെ നാലുമാസത്തിൽ മാത്രം 65,000 സന്ദർശക വിസയാണ് ഇന്ത്യക്കാർക്ക് ഡിഐബിപി അനുവദിച്ചത്. ഇന്ത്യൻ സന്ദർശകരുടെ വർദ്ധിച്ച ആവശ്യമാണ് പുതിയ തീരുമാനത്തിന് പിന്നിൽ.




ഓൺലൈൻ വിസിറ്റ് വിസക്ക് അപേക്ഷ സമർപ്പിക്കുന്നത് ഇനി മുതൽ വളരെ എളുപ്പമായിരിക്കുമെന്ന് ഡിഐബിപി സഹമന്ത്രി അലെക്സ് ഹാവ്ക്ക് പറഞ്ഞു. വിനോദ സഞ്ചാരത്തിനും ബിസിനസിനും ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കുന്നതിനുമടക്കം വിവിധ ആവശ്യങ്ങൾക്കായി വിസിറ്റ് വിസയ്ക്കായി അപേക്ഷ സമർപ്പിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം അടിക്കടി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് പുതിയ സംവിധാനം നടപ്പാക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യൻ ഒറിജിൻ ആയിട്ടുള്ളവരും ഇപ്പോൾ മറ്റ് രാജ്യങ്ങളുടെ പൗരത്വമുള്ളവർക്കും, ഓസ്ട്രേലിയൻ വിസാ ആവശ്യമുള്ളവർക്കും ഓൺലൈനിൻ വളരെ എളുപ്പത്തിൽ സന്ദർശക വിസ ലഭിക്കും.

## മെൽബൺ യാക്കോബായ വിശ്വാസികളുടെ പ്രാർത്ഥനായജ്ഞവും ഐക്യദാർഢ്യ പ്രഖ്യാപനവും നടന്നു

**മെൽബൺ.** സഭയുടെ പ്രതിസന്ധികളിൽനിന്ന് മാറ്റമുണ്ടാകുവാനും സഭയിൽ സമാധാനം കൈവരിക്കുവാനുമായി മെൽബൺ (ഫ്രാങ്കസ്റ്റോൺ) സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ വികാരി ഫാ. ജേക്കബ് ജോസഫിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനായജ്ഞത്തിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.

09.07.2017 ഞായറാഴ്ച്ച കൂടിയ പള്ളി പൊതുയോഗം ഒറ്റക്കെട്ടായി പരിശുദ്ധ ആകമാനസുറിയാനി ഓർത്തഡോക്സ് സഭയോടും പരി. ഇഗ്നാത്തിയോസ് അഫ്രേം ദ്വിതിയൻ കാതോലിക്കബസേലിയോസ് തോമസ് പ്രഥമൻ ബാവയോടും ഓസ്ട്രേലിയ ന്യൂസിലാൻഡ് ഭദ്രാസനമെത്രാപ്പോലീത്ത അഭി. ഗീവർഗീസ് മോർ അത്താനാസിയോസ് തിരുമേനിയോടും ആകമാനസുറിയാനി ഓർത്തഡോക്സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരോടും വൈദികസമൂഹത്തോടും വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ട് ഐക്യദാർഢ്യ പ്രതിജ്ഞ എടുത്തു.

## ചാവുമണി

കവിത
രാഗേഷ്

ആകാശം കീറി തുളച്ചു
മഴപ്പാറ്റകൾ പോലെ വരുന്ന
സന്ദേശങ്ങൾ എന്റെയും നിന്റെയും
ശിരസ്സിനു മീതെ തീഷ്ണമായ
മതിലുകൾ നാട്ടിവെച്ചിരിക്കുന്നു.
ആർത്തുപെയ്യുന്ന മഴയിലൂടെ
ഒറ്റക്കും അല്ലാതെയും അവർ നടന്നു.
നീങ്ങി- ചിലർ മാത്രം സ്വകാര്യമായ
സംഭാഷണങ്ങൾ നടത്തി, എന്നാൽ
ഏറെപ്പേരും നിശബ്ദരായിരുന്നു.
ചാവുമണിയൊച്ചകളിലേക്ക്
ശവക്കുഴികൾ തുറന്നു
ആത്മരതിയുടെ പുറംതോട്
പൊട്ടിച്ചു അലറികരഞ്ഞു
ചീഞ്ഞ തടിയുടെയും
കുന്തിരിക്കത്തിന്റെയും
ഗന്ധങ്ങളിലേക്ക്
ആഴ്ന്നിറങ്ങി

# ഭക്തി ഗാന സമാഹരത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു

**അഡ്ലൈഡ്:** ഓസ്ട്രേലിയൻ മലയാളിയും സംഗീത സംവിധായകനുമായ മനോജ് ബേബി രചനയും സംവിധാനവും നിർവഹിച്ച സ്തുതി പാടിടാം എന്ന ക്രിസ്തീയ ഭക്തിഗാന സമാഹാരത്തിന്റെ പ്രകാശന കർമ്മം പ്രാർത്ഥനാനിർഭരമയ ചടങ്ങിൽ മുഖ്യാതിഥികളായെത്തിയ ഫാ. സ്റ്റീഫൻ കുളത്തുകരോട്ട്, ഫാ. ഷിബു, ഫാ. വർഗീസ് ചെറിയാൻ, ഫാ. ബെസി, ഫാ. പ്രദീപ് പൊന്നച്ചൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

ഡേവിഡ്സ് ഹാർപ് മ്യൂസിക് നിർമിച്ച വിതരണം നടത്തുന്ന ഈ ഗാനസമാഹാരം വിപണിയിൽ ലഭ്യമാണ്. ഫാ. ജോസ് ചെമ്മനം, ഡോ.മേരി ജോൺ, അഡ്വ. പി.വി. ശ്രീനിജൻ എന്നിവരും ഗാനങ്ങൾ എഴുതിയിരിക്കുന്നു. ഗായകരായ പി.ജയചന്ദ്രൻ, എം.ജി. ശ്രീകുമാർ, ജോളി എബ്രഹാം, കെസ്റ്റർ, മധു ബാലകൃഷ്ണൻ, സാം ദേവസി, രാഗേഷ് സ്വാമിനാഥൻ, ഗായത്രി, കല്യാണി നായർ, മിഥില മൈക്കിൾ എന്നിവർ ഗാനങ്ങൾ ആലപിച്ചിരിക്കുന്നു.




## മലയാളികൾക്കൊരു സുവർണ്ണാവസരം!!

**Not sure of your immigration options?**

Confused about all the visa requirement changes you hear?

Which is the best visa for you and your family members?

Unsure of the cost and duration to process visa application?

Want a strategic approach to handle the immigration maze?

MAASSA

At Migration Assistance and Settlement Services Australia (MAASSA) we plan and simplify the process of meeting your Australian immigration requirements. We take a holistic approach on each individual case and map out a plan that best suits you and your family's migration and settlement needs in Australia.

A HOLISTIC APPROACH TO YOUR IMMIGRATION NEEDS

Contact us to seek professional advise on

- General skilled, Business skills, Relative Sponsored, Employer sponsored permanent residency visas. Skills Assessment Applications (Engineers, IT Profes-
- sionals, Tradespersons, School Teachers, Other science proffessionals etc.)
- Temporary to Permanent residency options for IT Professionals, Nurses, Doctors and other Professionals.
- Student visas, Graduate Student Temporary residency

or any other immigraion related matter.

Special bundle offer- Simple monthly payment plan for IT proffessionals, Nurses and other 457 Visa holders for application of PR (both Independent & Employer sponsored).

REGISTERED MIGRATION AGENT

Migration Assistance and Settlement Services Australia
Office 19 (Level 2), 103 George Street, Parramatta NSW 2150

Tel: (02) 8843 1358 / Fax: (02) 8209 4804
mob: 0433 540 197 / Email: info@maassa.com.au



## A Property report can SAVE you Thousands. Get your FREE report now!

**How can this report benefit you?**

- Make the right offer for the property you are buying.
- Know the recent sales of similar properties being sold.
- If you are a property owner, know the actual worth of it.
- Helps you negotiate better with the Real Estate Agent.
- Get useful information about the suburb.
- Prepares you well, especially in these challenging times.

**3 Easy steps to get your FREE property report**




Visit our website www.gainhomeloans.com.au | Click on the tab "Free Property Report" | Fill in the details and submit | The report will be emailed to you in 24 hours.

**It's that simple! Now don't pay $99**

Level 1
15 Flushcombe Rd
Blacktown

GAIN HOME LOANS
Saving You, Right Through

Phone
02 9676 3417
(7 days)

Get the best deal on your Home Loan, Fee Free Service.
Web: www.gainhomeloans.com.au Email: info@gainhomeloans.com.au

Design - SDY Communications

## കേരളത്തിലെ ബീഫ് വരട്ടിയതിന്റെ ബിഗ് ഫാനാണ് ഞാൻ റാണ

മലയാളികളുടെ വികാരമാണ് ബീഫ്. അതുകൊണ്ടാണ് കേന്ദ്ര സർക്കാർ ഇന്ത്യയിൽ ബീഫ് നിരോധിച്ചപ്പോൾ കേരളത്തിൽ മാത്രം ഇത്രയേറെ പ്രതിഷേധങ്ങൾ അരങ്ങേറിയത്. മലയാളികൾ മാത്രമല്ല, കേരളത്തിനു



പുറത്തുള്ളവരും മലയാളികളുടെ ബീഫിന്റെ ആരാധരാണെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം. രാജമൗലി സംവിധാനം ചെയ്ത ബാഹുബലിയിലെ വില്ലൻ റാണ ദഗുബതി കേരളത്തിലെ ബീഫിന്റെ കടുത്ത ആരാധകനാണ്.

കൊതിപ്പിക്കുന്ന നാടാണ് കേരളം. കേരളത്തിൽ കിട്ടുന്ന ബീഫ് വരട്ടിയതിന്റെ ബിഗ് ഫാനാണ് ഞാൻ. അല്ല, അതവിടെ ഇപ്പോഴും നിരോധിച്ചിട്ടില്ലല്ലോ അല്ലേ....? അദ്ദേഹം ചോദിക്കുന്നു. മലയാളത്തിലെ പ്രമുഖ മാഗസിനു നൽകിയ അഭിമുഖത്തിലാണ് റാണ കേരളത്തെക്കുറിച്ചും ബീഫിനെക്കുറിച്ചു വാചാലനാകുന്നത്. കേരളവും മലയാള സിനിമകളും തനിക്കിഷ്ടമാണെന്നും റാണ വ്യക്തമാക്കുന്നു.


## ഒരേക്കർ സ്ഥലവും വീടും വില്പനയക്ക്




ഭരണങ്ങാനം വി. അൽഫോൻസാ പള്ളിയ്ക്കും ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിനും മദ്ധ്യേ റോഡ് സൈഡിൽ, വറ്റാത്ത വെള്ളവും കൂടാതെ പൈപ്പ് ലൈൻ വാട്ടർ കണക്ഷനുമുള്ള ഒരേക്കർ സ്ഥലവും 4 ബെഡ്റൂമുള്ള വീട് വില്പനക്ക്. കോട്ടയം ജില്ലയിൽ പാലായിൽ നിന്നും 5 കിലോമീറ്ററും ഭരണങ്ങാനത്തു നിന്നും 2 കിലോമീറ്ററും എഞ്ചിനീയറിംഗ് കോളേജിൽ നിന്നും 3 കിലോമീറ്ററും മാത്രം അകലെ സ്ഥിതി ചെയ്യുന്ന ഈ വസ്തുവിൽ വെട്ടുന്ന റബറും, മാവ്, പ്ലാവ്, തെങ്ങ്, തേക്ക്, കുരുമുളക് എന്നിങ്ങനെഎല്ലാ ആദായങ്ങളുമുണ്ട്. ശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന ഈ വീട് താമസിക്കുന്നതിനും, ഇൻവെസ്റ്റ് ചെയ്യുന്നതിനും അനുയോജ്യമാണ്. ഇപ്പോൾ Rs. 6000 വാടക കിട്ടുന്നുണ്ട്.

ജോൺ – 0402530243, Email Johnaj19@gmail.com


## കൊച്ചി കലാഭവൻ കലാസന്ധ്യയുമായി ഓസ്ട്രേലിയയിൽ

**മെൽബൺ:** നീണ്ട പതിനേഴു വർഷങ്ങൾക്കുശേഷം കൊച്ചിൻ കലാഭവൻ വീണ്ടും ഓസ്ട്രേലിയയിൽ കലാസന്ധ്യ അവതരിപ്പിക്കുന്നു. വേൾഡ് ടൂറിന്റെ ഭാഗമായി ഒക്ടോബർ 17 മുതൽ നവംബർ 17 വരെ ഓസ്ട്രേലിയയിലെ വിവിധ സ്ഥലങ്ങളിലാണ് കലാസന്ധ്യ അരങ്ങേറുക. സോബി ജോർജിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കലാസന്ധ്യ അവതരിപ്പിക്കുന്നത്. സംഗീത ലോകത്തെ പ്രശസ്തരായ ബിനു ആനന്ദ്, റെനീഷ് പീറ്റർ, ഷിബിനാ റാണി എന്നിവർ ഗാനങ്ങളും സിനിമാരംഗത്തെ പ്രശസ്തരായ അംബികാമോഹൻ, ശരണ്യ ആനന്ദ് എന്നിവരുടെ നേതൃത്വത്തിൽ സിനിമാറ്റിക് ഡാൻസുകളും മിമിക്രി രംഗത്തെ പ്രശസ്തനും വിവിധ ടിവി ചാനലുകളിൽ കോമഡി പരിപാടികൾ അവതരിപ്പിക്കുന്ന ജയദേവിന്റെ നേതൃത്വത്തിൽ കോമഡി രംഗങ്ങളും അവതരിപ്പിക്കും. ലൈവ് ഓർക്കസ്ട്രായിൽ ലാൽ (തബല), വിനോദ് (കീബോർഡ്), ബിനു ഷാമാസ് (ഡ്രം) എന്നിവയും കൈകാര്യം ചെയ്യുന്നു. ഓസ്ട്രേലിയൻ മലയാളികൾക്ക് മൂന്ന് മണിക്കൂർ സംഗീതത്തിന്റെയും ചിരിയുടെയും നൃത്തത്തിന്റെയും പുതിയ അനുഭവം സൃഷ്ടിക്കാൻ കലാസന്ധ്യക്ക് ആകുമെന്ന് സംവിധായകൻ സോബി ജോർജ്ജ് പ്രത്യാശ പ്രകടിപ്പിച്ചു. കലാസന്ധ്യയുടെ ഓസ്ട്രേലിയയിലെ സ്പോൺസർമാർ ഗ്ലോബൽ മലയാളി കൗൺസിൽ ആണ്. രണ്ട് വർഷം മുമ്പ് ഗ്ലോബൽ മലയാളി കൗൺസിൽ നടത്തിയ ഓണ നിലാവ് ചാരിറ്റി ഷോ വൻ വിജയം ആയിരുന്നു.

കോട്ടയത്തെ നവജീവൻ ട്രസ്റ്റ് ചെയർമാൻ പി.യു തോമസിനായിരുന്നു ചാരിറ്റിയുടെ തുക നൽകിയത്. ഇത്തവണയും കൊച്ചിൻ കലാഭവന്റെ കലാസന്ധ്യയിൽ കിട്ടുന്ന ലാഭവിഹിതം പഠിത്തത്തിൽ സമർഥനും നിർധനരുമായ വിദ്യാർത്ഥികളെ സഹായിക്കാൻ ചെലവഴിക്കുമെന്ന് ഗ്ലോബൽ മലയാളി കൗൺസിൽ ഭാരവാഹികൾ അറിയിച്ചു. കലാസന്ധ്യ അവതരിപ്പക്കാൻ താത്പര്യമുള്ളവർ സോണിനെ - 0434620028, സ്റ്റീഫൻ - 044 964 4489, കിഷോർ - 043139 5604, ഷാജൻ - 041 290 2251, ജിം - 043 190 0948, രാധാകൃഷ്ണൻ - 041 609 4829, ടോമി- 040 135 3986, ജോജി - 040 267 7909, ജോസ് - 046 627 4838 എന്നിവരുമായി ബന്ധപ്പെടണമെന്ന് ഭാരവാഹികൾ അറിയിച്ചു.




## മെൽബണിൽ സ്കൂൾ കുട്ടികൾക്കായി സയൻസ് ക്വിസ് നടത്തുന്നു.

**മെൽബൺ:** സ്കൂൾ വിദ്യാർത്ഥികൾക്കായി മാസ്റ്റർമൈൻഡ്സ് 17 ക്വിസ് മത്സരവുമായി എസൻസ് മെൽബൺ എത്തുന്നു. ജൂനിയേഴ്സിനെയും സീനിയേഴ്സിനെയും പ്രത്യേക വിഭാഗങ്ങളിലായി നടത്തുന്ന മത്സരത്തിൽ പ്രധാനമായും സയൻസ് അധിഷ്ഠിത ചോദ്യങ്ങൾ ആവും ഉണ്ടാവുക. പ്രിലിമിനറി റൗണ്ടിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 8 മത്സരാർത്ഥികൾക്ക് തുടർന്ന് നടക്കുന്ന ഓൺസ്റ്റേജ് റൗണ്ടിൽ പ്രവേശനം ലഭിക്കും.

ഓഗസ്റ്റ് 12 വൈകുന്നേരം 4 മണിക്ക് ഹെയഡൽബെർഗ് ബെൽഫീൽഡ് കമ്മ്യൂണിറ്റി സെന്ററിൽ വച്ചാണ് ക്വിസ് മത്സരം നടത്തുന്നത്. പ്രോഗ്രാമിനെകുറിച്ചുള്ള കൂടുതൽ വിവരങ്ങളും രജിസ്ട്രേഷനും www.essense.org.au എന്ന സൈറ്റിൽ നിന്നും ലഭ്യമാണ്. 10 ഡോളർ ആണ് രജിസ്ട്രേഷൻ ഫീസ്.

എസൻസ് മെൽബണോടൊപ്പം വിവിധ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന ക്യാഷ് അവാർഡും സമ്മാനങ്ങളും വിജയികൾക്ക് ലഭിക്കുന്നു.

ക്വിസ് പ്രോഗാമിനോടൊപ്പം തന്നെ മാതാപിതാക്കൾക്കായി പേരന്റിംഗ് ചലഞ്ചസ് ഇൻ എക്സ്പാറ്റ് കമ്മ്യൂണിറ്റീസ് എന്ന വിഷയത്തെക്കുറിച്ച് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്മാരായ ജോസഫ് മാത്യുവും ജോർഡി സെബാസ്റ്റ്യനും നയിക്കുന്ന പ്രസന്റേഷനും ചർച്ചയും ഉണ്ടായിരിക്കും.

അസ്ട്രോണമേഴ്സ് സൊസൈറ്റി ഓഫ് വിക്ടോറിയയുമായി ചേർന്ന് നടത്തുന്ന ആകാശ നിരീക്ഷണം ഉൾപ്പടെ വ്യത്യസ്തമായ നിരവധി പരിപാടികളുമായി എസൻസ് മെൽബൺ വരും മാസങ്ങളിൽ എത്തുന്നുണ്ട്. കൂടുതൽ വിവരങ്ങൾ എസൻസിന്റെ വെബ്സൈറ്റിൽ നിന്നോ ഫേസ്ബുക്ക് പേജിൽ നിന്നോ ലഭ്യമാണ്.

## Social media corner

തോമാച്ചൻ:-

ചാകുന്നതിനുമുന്നേ നീ എനിക്ക് ഒരഞ്ചുമിനിറ്റ് എക്സ്ട്രാ ടൈം തരണം ...പ്ലീസ്?..

കർത്താവ്

അതെന്തിനാടോ ..ഊവേ...

തോമാച്ചൻ:-

മൊബൈൽ ഒന്നു ഫോർമാറ്റ് ചെയ്യാനാ... അല്ലെങ്കിൽ നാട്ടിൽ കഷ്ടപെപ്പെട്ടുണ്ടാക്കിയ നിലയും വിലയും എല്ലാം... പോകും....!!!.

# കേരള ഫ്രണ്ട്സ് ക്ലബ് ഓണാഘോഷം 2017

**ജോസ് റൗസ്ഹിൽ**

പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണത്തെ പൊൻവിളക്കേന്തി വരവേൽക്കുവാൻ തയ്യാറായി നിൽക്കുന്ന മറുനാടൻ മലയാളികളുടെ മുൻനിരയിൽ തന്നെ കേരള ഫ്രണ്ട്സ ക്ലബ് നിലയുറപ്പിച്ചിരിക്കുന്നു. ആഘോഷങ്ങളുടെ ഭാഗമായി സാധാരണ നടത്തി വരാറുള്ള ചടങ്ങുകൾക്ക് പുറമെ പുത്തൻ വിഭവങ്ങളുമായി ഇക്കൊല്ലത്തെ ഓണാഘോഷം പൂർത്തീകരിക്കുവാൻ അണിയറ പ്രവർത്തകർ തയ്യാറായിക്കഴിഞ്ഞു.

2017 ആഗസ്റ്റ് 19 ന് ഹോക്ക്സ്ബറി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്ന ഷട്ടിൽ ടൂർണ്ണമെന്റോടു കൂടി ആരംഭിക്കുന്ന ഓണാഘോഷങ്ങൾ, സെപ്തംബർ 16 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. കലാസാംസ്കാരിക സമ്മേളനവും തുടർന്നുള്ള വിഭവസമൃദ്ധമായ സദ്യയോടും കൂടി സമാപിക്കുന്നതായിരിക്കും.

ഇതിനിടയിൽ ആഗസ്റ്റ് 27 ന് കെല്ലിവിൽ ഹൈസ്കൂൾ അങ്കണത്തിൽ വച്ച് ക്ലബ് അംഗങ്ങൾക്കായി വിവിധയിനം കലാകായിക മത്സരങ്ങളും, സിഡ്നിയിലും പ്രാന്തപ്രദേശങ്ങളിലും ഉള്ളവർക്കായി സംഘടിപ്പിക്കുന്നു വടംവലി മത്സരവും ഉണ്ടായിരിക്കുന്നതാണ്.

വടംവലി മത്സരത്തിൽ ഒന്നാം സമ്മാനമായി 1001 ഡോളറും ട്രോഫിയും, രണ്ടാം സമ്മാനമായി 501 ഡോളറും ട്രോഫിയും ലഭിക്കുന്നതാണ്. ഷട്ടിൽ ടൂർണ്ണമെന്റിലെ ഒന്നാം സ്ഥാനക്കാർക്ക് 500 ഡോളറും ട്രോഫിയും രണ്ടാം സ്ഥാനക്കാർക്ക് 200 ഡോളറും ട്രോഫിയും കൂടാതെ മൂന്നും നാലും സ്ഥാനക്കാർക്ക് പ്രോത്സാഹന സമ്മാനമായി യഥാക്രമം 100 ഡോളർ, 50 ഡോളർ എന്നിവ നൽകുന്നതായിരിക്കും.

ഈ മത്സരത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും നമ്പറുമായി ബന്ധപ്പെടേണ്ടതാണ്

ജോസ് 0431152875, ലിജോ- 0406596186, സ്റ്റെനി- 0488878369, ജിന്നി - 0406596186

ഈ വർഷത്തെ ഓണാഘോഷങ്ങൾ ഭംഗിയായി നടത്തുവാൻ സ്പോൺസർമാരായ പുന്നക്കൽ ഫിനാൻസിയേഴ്സ്, ഫ്ളക്സി ഫിനാൻസിയേഴ്സ്, ആമോഘ് ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, പിന്നെ ഗോൾഡ് സ്പോൺസർ ആയ വൈക്കം ലോ, കൂടാതെ ഷട്ടിൽ ടൂർണ്ണമെന്റിന് രണ്ടാം സമ്മാനം സ്പോൺസർ ചെയ്ത എ വൺ ഓാസി കൂളിനും തങ്ങളുടെ ഹൃദയംഗമമായ നന്ദി ഭാരവാഹികൾ അറിയിച്ചിരിക്കുന്നു.

# ഇന്ത്യ, ഇസ്രയേൽ സൈനിക പങ്കാളികൾ

**ജറുസലം:** ഇന്ത്യയും ഇസ്രയേലും സൈനിക പങ്കാളികളാണെന്നും പ്രഖ്യാപിച്ചു കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രയേലി പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവും, വർധിച്ചുവരുന്ന തീവ്രവാദത്തെയും ഭീകരതയെയും സംയുക്തമായി നേരിടുമെന്ന് ഇരുനേതാക്കളെയും പ്രഖ്യാപിച്ചു. ഭീകരർക്കു ധനസഹായവും ഒളിത്താവളവും നൽകുന്നവർക്കെതിരേ കർശന നടപടികൾ വേണമെന്നും അവർ ആവശ്യപ്പെട്ടു.

ഇസ്രയേൽ സന്ദർശനത്തിന്റെ രണ്ടാം ദിവസം നരേന്ദ്ര മോദി, നെതന്യാഹുമായി ഔദ്യോഗിക ചർച്ച നടത്തി. പ്രതിരോധ സഹകരണം മുതൽ വാണിജ്യ ബന്ധങ്ങൾ വരെ ചർച്ച ചെയ്തു. പരസ്പരബന്ധം സൈനിക പങ്കാളിത്തത്തിന്റെ തലത്തിലേക്ക് ഉയർത്താൻ ചർച്ചയിൽ ധാരണയായെന്ന് വിദേശകാര്യ സെക്രട്ടറി എസ്. ജയശങ്കർ പിന്നീട് പറഞ്ഞു. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ കൂടുതൽ യോജിച്ചുനീങ്ങേണ്ടിയിരിക്കുന്നുവെന്നു നെതന്യാഹു പറഞ്ഞു. ചർച്ചയ്ക്കു ശേഷമുള്ള സംയുക്ത പ്രസ്താവനയിൽ പാക്കിസ്ഥാനെ പേരെടുത്തു പറയാതെ വിമർശിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ഭീകരതെയ്ക്കെതിരായ സമഗ്ര ഉടമ്പടിക്കുവേണ്ടി പരിശ്രമിക്കുമെന്ന് ഇരുരാജ്യങ്ങളും പ്രതിജ്ഞയെടുത്തു. ഏഴു കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പിട്ടു. ബഹിരാകാശം, കൃഷി, ജലസംരക്ഷണം, ഗവേഷണം തുടങ്ങിയ മേഖലകളിലാണ് കരാർ.

കൃഷിയിൽ മൂന്നു വർഷത്തെ ഇന്ത്യ-ഇസ്രയേൽ ഡെവലപ്മെന്റ് കോ-ഓപ്പറേഷൻ ഉടമ്പടിയാണ് പ്രധാനം. ജലസംരക്ഷണത്തിന് ഒരു കരാറും ഇന്ത്യയിലെ ജലവിതരണ സംവിധാനം നവീകരിക്കാനുള്ള വേറൊരു കരാറും ഉണ്ട്. നാലു കോടി ഡോളറിന്റെ (260 കോടി രൂപ) ഒരു സാങ്കേതിക വിദ്യ വികസനനിധിക്കും കരാർ ഒപ്പിട്ടും പലസ്തീൻ പ്രശ്നത്തിന് എത്രയും വേഗം ചർച്ചകളിലൂടെ പരിഹാരം കണ്ടെത്തണമെന്ന്



മോദിയും നെതന്യാഹുവും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.


